കേരള സർക്കാർ KPSTA

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം, 2016-17 അധ്യയനവർഷത്തെ തസ്തിക നിർണ്ണയം, എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (പി) നം. 134/2016/പൊവിവ തീയതി, തിരുവനന്തപുരം, 05.08.2016

പരാമർശം: 1 29.01.2016-ലെ സ.ഉ(പി) നം.29/16/പൊ.വി.വ
2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.06.2016, 29.06.2016 എന്നീ തീയതികളിലെ എച്ച് 2/35985/16/ഡി.പി.ഐ നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സംരക്ഷണം, തസ്തിക നിർണ്ണയം, അധിക/സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം മുതലായവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ പുനർ വിന്യാസം, 2016-17 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിലെ തസ്തികനിർണ്ണയത്തിന്റെ ഫലമായി തസ്തികനഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക III (2)ലെ വ്യവസ്ഥകൾ ഉൾപ്പെടെ താഴെപ്പറയുന്ന രീതിയിൽ പുനർവിന്യസിക്കേണ്ടതാണ്.

i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി/ യു.പി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിന്

ii) എയ്ഡഡ്സ്കൂളുകളിൽ നിന്ന് എസ്.എസ്.എ തുടങ്ങിയ പ്രോജക്ടുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ഒഴിവുകളിൽ

iii) എസ്.എസ്.എയുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോഓർഡിനേറ്റർമാരായി (ഒരേ മാനേജ്മെന്റിന് കീഴിലുള്ള അധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്)

iv) ആർ.ടി.ഇ ആക്ടനുസരിച്ച് എല്ലാവിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടേണ്ടുന്ന കലാ കായിക പ്രവർത്തി പരിചയം തുന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അധ്യാപകരെ ഒന്നിലധികം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ക്ലബ് ചെയ്തുകൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ് ചെയ്യുമ്പോൾ യു.പി.വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെ തന്നെ എൽ.പി.വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.

v) ആർ.എം.എസ്.എ. സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ

vi) ഐ.റ്റി.@സ്കൂളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അധ്യാപകർക്ക് പകരം

vii) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് പകരം

(ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

viii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യാപകർ/അനധ്യാപകരായ ജനപ്രതിനിധികളുടെ ദീർഘകാലഅവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അധ്യാപക/അനധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും

ix) ഇൻസർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് പകരം ( 3 മാസത്തിൽ കൂടുതലുള്ള ഒഴിവിൽ)

x) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ

xi) പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിൽ 2016-17 വർഷം മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ

xii) അനധ്യാപക സംരക്ഷിത ജീവനക്കാരെ എസ്.എസ്.എ., ആർ.എം.എസ്.എ തുടങ്ങിയ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ വിന്യസിക്കേണ്ടതാണ്.

3) പുനർ വിന്യാസത്തിന് ഏതെങ്കിലും തസ്തികയിലോ കാറ്റഗറിയിലോ ഒരു ജില്ലയിൽ സംരക്ഷിതഅദ്ധ്യാപകൻ ലഭ്യമല്ലായെങ്കിൽ ഇതരജില്ലയിലെ സംരക്ഷിതഅദ്ധ്യാപക പട്ടികയിൽ നിന്നും ലഭ്യമാക്കാനുള്ള ക്രമീകരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4) 2015-16 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2016-17 അധ്യയന വർഷവും ബാധകമായിരിക്കുന്നതാണ്.

5) മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി കെ.ഇ.ആർ-ൽ ആവശ്യമായ ഭേദഗതികൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.പി.എം.മുഹമ്മദ് ഹനീഷ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28.07.2016 ലെ യു.ഒ. ഫയൽ നം. 271724/എഡ്യൂ.എ 1/16/ഫിൻ. പ്രകാരം.)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ